# KERALA POLICE INFORMATION CENTRE

No.37/PR/PIC/PHQ/10 Date : 23/06/10

## വിസ തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കുക

അടുത്തകാലത്തായി വിസാ തട്ടിപ്പിന് ഇരയാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശ മന്ത്രാലയത്തിന്റെയും പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെയും മുന്നറിയിപ്പും നിർദ്ദേശങ്ങളും മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടും തട്ടിപ്പിന് ഇരയാകുന്നവർ ധാരാളമാണ്. ഇത്തരം തട്ടിപ്പുകൾ ഒഴിവാക്കുന്നതിന് വിദേശരാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- നിയമാനുസരണം രജിസ്റ്റർ ചെയ്ത റിക്രൂട്ടിംഗ് ഏജന്റുവഴിയാണ് ഉദ്യോഗം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- റിക്രൂട്ടിംഗ് ഏജന്റിന് വിദേശ തൊഴിൽദാതാവിൽ നിന്ന് ജോലിക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് മതിയായ അധികാരപത്രം ലഭിച്ചിട്ടുണ്ടോ എന്നും, ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ വ്യക്തമാക്കുന്ന ഡിമാന്റ് ലറ്റർ ലഭിച്ചിട്ടുണ്ടോ എന്നും ജോലിക്കായുള്ള കരാർ പത്രത്തിൽ നിങ്ങളുടെ പേരിൽ വിദേശ ഗവൺമെന്റ് വിസ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
- അവിദഗ്ധ തൊഴിൽ/വീട്ടുജോലിക്കാർ എന്നിവർ അതാത് രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം ജോലി സംബന്ധമായ രേഖകൾ സാക്ഷ്യപ്പെടുത്തി എന്ന് ഉറപ്പാക്കേണ്ടതാണ്.
- ജോലിക്കുള്ള കരാർ പത്രത്തിൽ, തൊഴിൽദാതാവിന്റെ വിവരം, വേതനം, ജോലി കാലാവധി മറ്റ് ആനുകൂല്യങ്ങൾ, മെഡിക്കൽ സൗകര്യം, യാത്രാച്ചിലവ് എന്നിവ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- അംഗീകൃത റിക്രൂട്ടിംഗ് ഏജന്റുമാർക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും ഓരോ ജോലിയ്ക്കും നിശ്ചയിച്ചിട്ടുള്ള മാസ വേതനം കണക്കാക്കി ഒന്നരമാസത്തെ ശമ്പളമോ പരമാവധി 20,000 രൂപയോ മാത്രമേ സർവ്വീസ് ചാർജ്ജായി കൊടുക്കേണ്ടതുള്ളൂ.
- രസീത് വാങ്ങാതെ പണമോ രേഖകളോ ഒരു കാരണവശാലും ഏജന്റിന് നൽകാതിരിക്കുക.
- ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ തേടുന്നവരുടെ കൈവശം തൊഴിൽ കരാറിന്റെ ഇംഗ്ലീഷിലും അറബിയിലുമുള്ള കോപ്പി ഉണ്ടായിരിക്കേണ്ടതാണ്.
- ശരിയായ യാത്രാ ടിക്കറ്റും, പാസ്പോർട്ടിൽ നിയമപരമായ വിസ അടിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുക.
- ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന രാജ്യത്തെ ലേബർ നിയമങ്ങളും മറ്റും മനസ്സിലാക്കി വയ്ക്കേണ്ടതാണ്. ഇത്തരത്തിലുള്ള വിവരങ്ങൾ അംഗീകൃത ഏജന്റിൽ നിന്നോ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ഓഫീസിൽ നിന്നോ അറിയാൻ കഴിയുന്നതാണ്.
- തൊഴിൽ സംബന്ധമായ കരാറിന്റെ കോപ്പി കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുക.
- പാസ്പോർട്ടിന്റെ ഒരു കോപ്പി നിങ്ങളുടെ കൈവശവും കുടുംബത്തിലും സൂക്ഷിച്ചിരിക്കേണ്ടതാണ്.
- വായിച്ചു മനസ്സിലാക്കാതെ യാതൊരു കരാറിലും ഒപ്പിടാതിരിക്കുക.
- വിദേശത്ത് എത്തിയാൽ വെറും കടലാസിൽ ഒപ്പിട്ടുകൊടുക്കുകയോ നാട്ടിൽ വച്ച് ഒപ്പിട്ട കരാറിനു പുറമെ തൊഴിൽദാതാവിന്റെ മറ്റൊരു കരാറിലും ഒപ്പിട്ടുകൊടുക്കുകയോ ചെയ്യാതിരിക്കുക.
- വിദേശത്ത് നിങ്ങളുടെ തൊഴിൽ ദാതാവ് നിങ്ങൾ അവിടെ ചെല്ലുന്ന സമയവും തീയതിയും അറിഞ്ഞു എന്ന് ഉറപ്പുവരുത്താതെ യാത്ര പുറപ്പെടാൻ പാടുള്ളതല്ല.
- വിദേശ ജോലിക്ക് പോകുന്നവർ തൊഴിൽ, വിസ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ തിരുവനന്തപുരം, കൊച്ചി എന്നീ ഓഫീസുകളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ **തിരുവനന്തപുരം: 0471-2324835, കൊച്ചി: 0484-2360187.**

The contents of this document may be deemed to be based on received information which is subject to further verification